# ജാലകം

## സർഗ്ഗലോകത്തേയ്ക്ക് തുറന്നിട്ട ജാലകം

### ഡിജിറ്റൽ മാഗസിൻ



# ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ,
# കലവൂർ

# ജാലകം

## സർഗ്ഗലോകത്തേയ്ക്ക് തുറന്നിട്ട ജാലകം

### ഡിജിറ്റൽ മാഗസിൻ



കലവൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജാലകം എന്ന പേരിൽ ഒര ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. മാഗസിൻ നിർമ്മാണം കുട്ടികളിലെ സർഗ്ഗവാസനയെ ഉയർത്തുന്നതാണ്. അത് ഡിജിറ്റൽ മാഗസിൻ ആകുമ്പോൾ സാങ്കേതിക അറിവും കാലഘട്ടത്തിനനുസരിച്ച് ജീവിക്കുവാനുള്ള പ്രാപ്തിയും കുട്ടികൾക്ക് കൈവരും. ഈ സർഗ്ഗാത്മക പ്രവർത്തനത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

കെ.വി.വിജയകുമാര

ഹെഡ്മിസ്ട്രസ്സ്

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ് എഡിറ്റർ | കെ.വി.വിജയകുമാരി |
| | (ഹെഡ്മിസ്ട്രസ്സ് ) |
| | |
| സ്റ്റാഫ് എഡിറ്റേഴ്സ് | ബിനോയ്.സി.ജോസഫ് |
| | (ലിറ്റിൽ കൈറ്റ് മാസ്റ്റർ) |
| | |
| | അനീഷ.എ |
| | (ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ്) |
| | |
| സ്റ്റുഡൻസ് എഡിറ്റേഴ്സ് | സൂരജ്.എസ് |
| | ശ്യാംജിത്ത്.എസ്. |
| | |
| ലേ ഔട്ട് | അമൽകൃഷ്ണൻ.കെ.എസ് |

## താളുകൾ മറിക്കുമ്പോൾ

| | | |
|---|---|---|
| ചിതലരിക്കാത്ത ഓർമ്മകൾ | ഭദ്രപ്രിയ.എസ്. | കവിത |
| സൗഹൃദയാത്ര | അനുപമ മോഹൻ | യാത്രാവിവരണം |
| മയൂരനൃത്തം | ഗൗരിസുനിൽ | കവിത |
| ഇത്തിരി സ്നേഹം | ഇതൾ.ജി | കഥ |
| നാടകം | സുഹാന.എം.കെ | ലേഖനം |
| പഴഞ്ചൊല്ല് | അശ്വിൻ.റ്റി. | സമ്പാദനം |
| ഒറ്റപ്പെടലിന്റെ വേദന | ഫാത്തിമബീവി | കഥ |
| പുസ്തകം | കാവ്യ.എ | കവിത |
| ജൈവവൈവിധ്യം | | ലേഖനം |
| കഴിഞ്ഞദിനരാത്രങ്ങൾ | ലക്ഷ്മിരാജ് | കവിത |
| വായനാക്കുറിപ്പ് | അനീരമോഹൻ | |
| അത്യാഗ്രഹം ആപത്ത് | അനീറ്റ.ജി. | കഥ |
| എന്റെ ഗുരുനാഥ | ഹർഷ.ആർ.നായർ | കവിത |
| മൂന്ന് നക്ഷത്രങ്ങൾ | നേഹ ബിനോയ് | കഥ |
| മധുരമായ ഓർമ്മകൾ | എലന മരിയ | കവിത |
| അൽഷിമേഴ്സിന്റെ | രാധിക ടീച്ചർ | കഥ |
| വായനാക്കുറിപ്പ് | അരുന്ധതിദേവി | |
| | ആമിന മുഹമ്മദ് | |
| | ഗംഗ.എസ് | |
| മായുന്ന മഴവില്ല് | അസ്നാമോൾ | കവിത |
| അനുഭവക്കുറിപ്പ് | ആവണിമധു | |
| കൊച്ചുപൂമ്പാറ്റ | അശ്വതി.എസ് | കവിത |
| അവരുടെ യാത്ര | ഹരിപ്രസാദ് | കഥ |
| ഹൃദയപല്ലവി | അഞ്ജലീകൃഷ്ണന് | കവിത |
| കുട്ടിക്കുരങ്ങന് | ഗായത്രി.എസ് | കഥ |
| വായനാക്കുറിപ്പ് | സഫാന സിയാദ് | |
| ഒരു കുടയും | രേഷ്മ.എസ് | കഥ |
| ഇരുട്ടിലെ വെളിച്ചം | ഫാത്തിമ.എച്ച്. | കവിത |
| മയൂരനടനം | അഞ്ജന.ആർ | കവിത |
| What is the colour of | സുധ ടീച്ചർ | കവിത |

## എഡിറ്റോറിയൽ

ഭാഷയുടെ നിലനിൽപ്പ് അതാത് കാലത്തെ സാങ്കേതിക വിദ്യകളെ അടിസ്ഥാനപ്പെടുത്തിയാണ്. ഗുഹാ ഭിത്തിയിൽ പോറിയും ഇലച്ചാറ് കൊണ്ട് വരച്ചും മനുഷ്യൻ തന്റെ ആശയങ്ങളേയും ചരിത്രത്തേയും സൂക്ഷിച്ച് വയ്ക്കുവാൻ പണ്ടേ ശ്രമിച്ചിരുന്നു. പിന്നീട് കൽഫലകങ്ങളിലും മൺഫലകങ്ങളിലും ചിത്രങ്ങളും അക്ഷരങ്ങളുമായി ഭാഷ വികാസം പ്രാപിച്ചു. മൃഗത്തോലിലും പാപ്പിറസ് ചുരുളുകളിലും അക്ഷരങ്ങൾ തനിമയാർന്നു. ഓലയും നാരായവും നമ്മുടെ നാട്ടിലെ എഴുത്തിന്റെ സാങ്കേതിക വിദ്യകളായിരുന്നു. കല്ലച്ചിലും തടിയച്ചിലുമായി അച്ചടിയിലൂടെ അക്ഷരങ്ങൾ കൃത്യതയാർന്നു. ടൈപ്പ്റൈറ്റിംഗ് അക്ഷരലോകത്തിലെ മികവുറ്റ യന്ത്രമായി ഇന്നും നിലനിൽക്കുന്നു. ആധുനിക യുഗത്തിൽ കംപ്യൂട്ടർ, ഭാഷാ പ്രവർത്തനങ്ങളെ ആകർഷകമാക്കാനും ഫലപ്രദമാക്കാനും കാരണമായി. കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ കലവൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിൽ നിന്നും ജാലകം എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്. സാങ്കേതിക ജ്ഞാനവും സാഹിത്യാഭിരുചിയും ഒരുപോലെ ഇതൾ വിടർത്തുന്ന പ്രക്രിയയാണ് ഡിജിറ്റൽ മാഗസിൻ നിർമ്മാണം. കുട്ടികളിൽ സർഗ്ഗാത്മകത വളർത്തുന്നതിനും സാങ്കേതിക വിദ്യയുടെ മികവിലൂടെ ഒരു പൊതു സമൂഹത്തിന് യോജിക്കുന്ന തരത്തിൽ ഈ കാലഘട്ടത്തിൽ ജീവിക്കുവാനും അവരെ പ്രാപ്തരാക്കുന്ന പ്രവർത്തനമായി ഈ മാഗസിൻ നിർമ്മാണത്തെ നോക്കി കാണാം.

എഡിറ്റോറിയൽ ബോർഡ്



## കവിത

# ചിതലരിക്കാത്ത ഓർമ്മകൾ

ഭദ്രപ്രിയ. 8. എഫ്

ചിതറിപ്പറക്കുന്ന ഓർമ്മകളുള്ളൊരു
ചിതലറ്റ പുസ്തകം കണ്ടു ഞാൻ
ചിന്തയിലാണ്ടു ഞാൻ വീണു ആ
ചിന്തയിൽ ചിതറി ഞാൻ വീണു

ഓർമ്മതൻ താളുകൾ മനസ്സിൽ മറിക്കവേ
ഓരോന്നുമെൻ മനസ്സിൽ ഒഴുകിയെത്തി
അങ്ങേതോ താളിൽ ഞാൻ കണ്ടു
ചിതലരിക്കാത്തയെൻ ഓർമ്മകൾ

ഓളങ്ങൾപോലെയെൻ ഓർമ്മകളെത്തുമ്പോൾ
സൂര്യന്റെ നോക്കേറ്റു വാടിത്തളർന്നാ പൂവിതളുകൾ
പോലെ ഞാൻ വിതുമ്പി നിൽക്കവേ
നീയായിരുന്നുയെൻ സാന്ത്വന വാക്കുകൾ

ആരോ മനസ്സിൽ വിങ്ങലായ്പൊള്ളുന്നു
ആരാണുനീയെന്നു ചൊല്ലുമോ ഒരുവട്ടം
എൻഹൃദയവാതിൽ തുറന്നു നീ കയറവേ
മന്ത്രിക്കുമീ മനസ്സു നിശ്ചലമായിപോകയോ

ചിതലരിക്കാൻ കഴിയില്ലീ ഓർമ്മയ്ക്ക്
ചിതലരിക്കില്ലയി ഓർമ്മ ഒരിക്കലും
ചിതലരിക്കില്ല എന്റെ ഓർമ്മകൾ
ചിതലരിക്കില്ല എന്റെ ഓർമ്മകൾ



**സൗഹൃദയാത്ര**

**യാത്രാവിവരണം** **അനുപമ മോഹൻ 8.ബി**

ഇതുവരെയുള്ള എന്റെ ജീവിതത്തിൽവെച്ച് എന്നെ ഏറ്റവുമധികം സന്തോഷിപ്പിച്ചതും വേദനിപ്പിച്ചതും കൂട്ടുകാരാണ്. അതുകൊണ്ടുതന്നെ കൂട്ടുകാരുമൊത്തുള്ള യാത്രയാണ് എന്നും എന്റെ മനസ്സിന്റെ മണ്ണിൽ പടർന്ന് പന്തലിച്ച് നിൽക്കുക. ഞാൻ ഒറ്റയ്ക്ക് ഈ ലോകം മുഴുവൻ ചുറ്റി സഞ്ചരിച്ചതിനേക്കാളും എത്രയോ മാധുര്യമുള്ളതാണ് കൂട്ടുകാരോടൊത്ത് ഒന്ന് കാടോ കടലോ കാണാൻ പോവുക. ഏഴാം ക്ലാസ്സിൽ വെച്ച് ഞാൻ കൂട്ടുകാരോടൊത്ത് അത്തരം ഒരു വിനോദയാത്രയ്ക്ക് പോയി.

കടലും കടപ്പുറവും കണ്ട് വളർന്ന എനിക്ക് മലകളും വനങ്ങളും എന്നും വിസ്മയമായിരുന്നു.കൊച്ചുന്നാൾ മുതൽ വർഷത്തിലൊരിക്കലെന്ന രീതിയിൽ കാട് കണ്ടിരുന്നെങ്കിലും ഓരോ മലയും കാടും മലഞ്ചെരുവുംകോടമഞ്ഞും എന്റെ മനസ്സിൽ പ്രകൃതിയുടെപുതിഭാവങ്ങൾ ചാലിച്ചിടുകയായിരുന്നു. അത്തരത്തിൽ പ്രകൃതിയുടെ മനോഹാരിത കാണാൻ ഭാഗ്യം സിദ്ധിച്ച വർഷമായിരുന്നു 2018.

വെളുപ്പിനുണർന്ന് , ഉണർന്നെന്ന് പറയാൻ കഴിയില്ല, അന്നു രാത്രി ശരിക്കും ഞങ്ങളാരും ഉറങ്ങിയിരുന്നില്ല. പ്രതീക്ഷകൾ ഞങ്ങളെ ഉറക്കിയിരുന്നില്ല എന്നു പറയുന്നതാവും ശരി. രാവിലെ സൂര്യനുദിക്കും മുമ്പുള്ള ഇരുട്ടിൽ സ്വന്തം കൂട്ടുകാരെ തേടിപ്പിടിക്കാനായി ഓഡിറ്റോറിയത്തിനുള്ളിൽ ഓടിനടന്നത് ഞാനിന്നും ഓർക്കുന്നു. വീട്ടുകാരെ വിട്ടുപിരിഞ്ഞ് ഒരു ദിവസം മാറി നിൽക്കേണ്ട വിഷമത്തിൽ ചില കുട്ടികളുടെ മുഖം വല്ലായ്മയിൽ മുങ്ങിയിരുന്നെങ്കിലും സത്യത്തിൽ അതു സംബന്ധിച്ച് എനിക്ക് ഒട്ടും

ദുഖമുണ്ടായിരുന്നില്ല.

രണ്ട് ബസ്സുകളിലായിരുന്നു ഇടുക്കിയിലേയ്ക്കുള്ള യാത്ര. നേരം പുലരുവോളം വണ്ടിയിൽ കളിചിരയും ആഘോഷങ്ങളുമായിരുന്നു.പിന്നെപ്പിന്നെ പുലരി വെട്ടം കായലുകളേയും വയലുകളേയും ഞങ്ങൾക്ക് കാണിച്ചു തന്നു. പിന്നെ കുന്നുകളും മലഞ്ചെരുവുകളും ഞങ്ങളുടെ കണ്ണുകൾക്ക് മുമ്പിൽ വിസ്മയം തീർത്തു.

വിശുദ്ധ അൽഫോൺസാമ്മയുടെ ഖബറിടമുള്ള പ്രസിദ്ധമായ ഭരണങ്ങാനം പള്ളിയായിരുന്നു ആദ്യ സന്ദർശന കേന്ദ്രം. അവിടുത്ത ഉദ്യാനവും മറ്റും വളരെ മനോഹരമായിരുന്നു.അവിടെയിറങ്ങി പ്രഭാത ഭക്ഷണം കഴിച്ചശേഷം ഞങ്ങൾ കുരിശുമലയിലേയ്ക്ക് യാത്ര തിരിച്ചു.യാത്രയ്ക്കിടയിൽ തണുപ്പ് കൂടിക്കൂടി വന്നു.കുരിശുമലയിൽ ബസ്സ് എത്തിയപ്പോൾ തണുപ്പിൽ നിന്ന് രക്ഷനേടാനായി ഞങ്ങൾ വെയിലത്തിറങ്ങി. അത് അവിസ്മരണീയമായ അനുഭവമാണ് സമ്മാനിച്ചത്. വെയിലിനും തണുപ്പ് എന്ന ആ സത്യത്തോട് പൊരുത്തപ്പെടാൻ ഞങ്ങൾക്ക് കുറച്ച് സമയം വേണ്ടി വന്നു.

പിന്നെ കമ്പിളിപ്പുതപ്പുമായി ഞങ്ങൾ പാറകൾ കയറിത്തുടങ്ങി. കൈവഴികൾ പോലുമില്ലാതെ തുറന്ന് കിടക്കുന്ന അഗാധമായ കൊക്ക ഞങ്ങളിൽ ഒരേ സമയം ഭയവും വിസ്മയവും തീർത്തുകൊണ്ടിരുന്നു.ആകെ പതിനഞ്ച് ഘട്ടങ്ങളായി തിരിച്ചിട്ടുള്ള ആ യാത്രയിലെ ആദ്യത്തെ അഞ്ച് ഘട്ടങ്ങൾ മാത്രം പൂർത്തിയാക്കി ഞങ്ങൾക്ക് തിരികെ ഇറങ്ങേണ്ടി വന്നു.

പിന്നീട് ഞങ്ങൾ മൊട്ടക്കുന്നിലേയ്ക്ക് യാത്ര തിരിച്ചു.ഞങ്ങളുടെ പ്രിയപ്പെട്ട ടീച്ചറോടൊപ്പം ആ മൊട്ടക്കുന്നുകൾ കയറി- മത്സരിച്ച് മത്സരിച്ച്. അതിനരികെയുള്ള അരുവിയിലിറങ്ങിയതും കുന്നിൻ താഴ്വാരത്തെ ചെളിയിൽ കാൽപൂണ്ട് പോയതുമെല്ലാം ഓർക്കാൻ എന്ത് രസമാണ്.

ഉച്ചയൂണിനുശേഷം  പൈൻഫോറസ്റ്റ് , പരുന്തുംപാറ എന്നിവയയായിരുന്നു സന്ദർശന കേന്ദ്രങ്ങൾ. പൈൻ മരങ്ങൾ നിറഞ്ഞ കൃത്രിമ കാടാണ് പൈൻഫോറസ്റ്റ്. താഴ്വാരം പരുന്തിന്റെ ആകൃതിയിൽ കാണപ്പെടുന്ന പാറയാണ് പരുന്തുംപാറ. അവയും ഞങ്ങൾക്ക് പുതിയ പ്രകൃതി അനുഭവങ്ങളായിരുന്നു.

തിരികെ ബസ്സിൽ കയറി സ്ക്കൂളിലെത്തിയപ്പോൾ അനിർ വചനീയമായ ഒരു സുഖം മനസ്സിൽ ചിറകുവിരിച്ചാടി.മനസ്സിലെ

ഓർമ്മപ്പുസ്തകത്തിലെ മായാത്ത ഓർമ്മയാണ് ഈ യാത്ര.

## മയൂരനൃത്തം - കവിത

ഗൗരി സുനിൽ 8.ഡി

മാനത്തെ മാരിവിൽ കാണുവാനായി
മാനം കറുപ്പതു കാണുവാനായി
മാനത്തെ പേമാരി കാണുവാനായി
കാത്തിരിപ്പാണു ഞാൻ കാത്തിരിപ്പ്

ആരുനിനക്കീ നീല നൽകി
ആരുനിനക്കീ പീലി നൽകി
ആസ്വദിക്കുന്നു ഞാൻ നിന്റെ
നൃത്തച്ചുവടുകൾ നിന്റെ
നൃത്തച്ചുവടുകൾ



ആരു നിനക്ക് പഠിപ്പിച്ചു തന്നു
ഈ നൃത്തം ഈ മനോഹര നൃത്തം
ആര് നിനക്ക് പകർന്നു തന്നു
ഈ നൃത്തം ഈ മനോഹര നൃത്തം

മയൂരമാം നിൻ മയൂരനൃത്തം
നെഞ്ചോടുനെഞ്ച് ഞാൻ ചേർത്തുവെച്ചു
ആരു നിനക്കീ പേരു തന്നു
ആരു നിനക്കീ കണ്ണു തന്നു

നിന്റെ മയിൽപ്പീലി കണ്ണുകാണാൻ
നിൽക്കുകയാണു ഞാൻ
ആരു നിനക്കീ പേരു തന്നു
ആരു നിനക്കീ പീലി തന്നു



കഥ

ഇത്തിരി സ്നേഹം ഒത്തിരി നേട്ടം ഇതൾ

അന്ന് അപ്പുവും അമ്മുവും പതിവില്ലാതെ നേരത്തേ ഉണർന്നു. അവരുടെ ക്ലാസ്സ് ഇന്ന് നേരത്തേയായിരുന്നു.അതിനാൽ വളരെ തിരക്കിലായിരുന്നു അവർ.ചിതറിക്കിടക്കുന്ന പുസ്തകങ്ങൾ വാരിക്കൂട്ടി അപ്പുവും അമ്മുവും സ്ക്കൂളിൽ പോയി. അവർ പേടിച്ച് പേടിച്ചാണ് സ്ക്കൂളിലെത്തിയത്.പക്ഷെ ക്ലാസ്സിലെത്തിയപ്പോൾ ടീച്ചർ വന്നിട്ടില്ലായിരുന്നു. അവർ ആശ്വാസത്തോടെ ബാഗ് തുറന്ന് പുസ്തകമെടുത്തു നോക്കുമ്പോൾ പുസ്തകമുണ്ട് പക്ഷേ പേനയില്ല.അപ്പു പേടിച്ചു നിന്നു. ആപ്പോഴാണ് ഭാഗ്യം പോലെ ഒരു കുട്ടി തന്റെ അരികിലേയ്ക്കെത്തി ഒരു പേന നൽകിയത്.ആ പെൺകുട്ടിയെ അവൻ ശ്രദ്ധിച്ചു.ഇതുവരെ കാണാത്ത മുഖം. ആവൻ ചോദിച്ചു .പേര്
അവൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. സെലിൻ
അവർ തമ്മിൽ കൂട്ടായി.ഒരു ദിവസം സെലിന് മറ്റൊരു സ്ക്കൂളിലേയ്ക്ക് പോകേണ്ടി വന്നു.അന്ന് അപ്പു വളരെയേറെ വിഷമിച്ചു. അവന് അത് താങ്ങാൻ കഴിഞ്ഞില്ല. മറ്റ് കുട്ടികളുടെ മുന്നിൽ അവൻ കളിയാക്കപ്പെട്ടു. പിന്നെ അത് അവൻ പ്രചോദനമായിക്കണ്ട് നന്നായി പഠിക്കാൻ തുടങ്ങി. പിന്നെ അപ്പുവായി ക്ലാസ്സിൽ നന്നായി പഠിക്കുന്ന കുട്ടി. കാലം കടന്നുപോയി. പണ്ട് സ്ക്കൂൾ മാറിപ്പോയ സെലിൻ പഠിച്ച് ഒരു ടീച്ചറായി. അങ്ങനെ ഒരു ദിവസം സെലിൻ ടീച്ചർ സ്ക്കൂളിന്റെ ആവശ്യത്തിലേയ്ക്ക് കളക്ടറെ കാണുവാൻ പോയി. ഓഫീസിന്റെ വാതിൽ തുറന്ന സെലിൻ കണ്ടത് ഒരു പരിചിത മുഖമായിരുന്നു. എത്ര ഓർത്തിട്ടും ആ മുഖം മനസ്സിലാകുന്നില്ല. അപ്പോഴാണ് അദ്ദേഹം സെലിനെ കണ്ടത്. അദ്ദേഹം എഴുന്നേറ്റ് സെലിന്റെ അടുത്തു വന്നു. എന്നിട്ട് പറഞ്ഞു

അന്ന് നീ തന്ന ഇത്തിരി സ്നേഹമാണ് എന്നെ ഒത്തിരി നേട്ടത്തിലെത്തിച്ചത്. അവൾ മിഴി നിറഞ്ഞ് നിന്നു.

ലേഖനം

## നാടകം

സുഹാന.എം.കെ 8 ബി

ഒരു ദൃശ്യകലാരൂപമാണ് നാടകം. ജനങ്ങളെ ഏറ്റവുമധികം ആകർഷിക്കുന്ന കലാരുപങ്ങളിലൊന്ന്. സങ്കീർണ്ണമായ ജീവിതം, അതിൽനിന്നടർത്തിയ സംഘർഷഭരിതമായ മുഹൂർത്തങ്ങൾ എന്നിവ ഏകതാനതയോടെ അവതരിപ്പിക്കുമ്പോൾ നാടകമായി.ജീവിതത്തെ സമസ്തഭാവങ്ങളോടേയും അവതരിപ്പിക്കുവാൻ ഏറ്റവും അനുയോജ്യമായ കലാരൂപം നാടകം തന്നെ. പക്ഷേ, അവയുടെ അവതരണത്തിലുള്ള അസത്യഭാവം സാധാരണ ലോകത്തുനിന്നും മനുഷ്യരെ അകറ്റുന്നു. അതിശയവും വർണ്ണവും സിനിമയ്ക്ക് കൂടുതലാണ്.നാടകം അനുവാചകന്റെ കൺമുമ്പിൽ സമസ്ത ലയവിന്യാസത്തോടും നിന്നരുളുകയാണ്.
"Dramatos" എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഡ്രാമയുടെ ഉല്പത്തി. ഗൗരവമുള്ള ഒരു കർമ്മം എന്നാണിതിന് അർത്ഥം. രംഗവേദിയിലാണ് ഈ കർമ്മം നടക്കേണ്ടത്. ഒരു ക്രിയയുടെ അനുകരണമാണ് നാടകം എന്ന അരിസ്റ്റോട്ടിലിന്റെ വാക്കും ശ്രദ്ധേയമാണ്.യഥാർത്ഥ ജീവിതത്തിന്റെ പുനസൃഷ്ടിയാണ് നാടകം. സംഘർഷം,സംവാദം, ക്രിയ എന്നിവയിലൂടെ നാടകം പുരോഗമിക്കുന്നു.

ഭാരതീയ നാടകവേദിക്ക് ഉദാത്തമായ ഒരു പാരമ്പര്യമുണ്ട്. നാടകാന്തം കവിത്വം എന്ന ചൊല്ല് എഴുത്തുകാരന്റെ മാറ്റുരയ്ക്കുന്നതാണ്. ഒരാൾ നല്ല എഴുത്തുകാരനാവണമെങ്കിൽ അയാൾ നാടകം എഴുതണം.കാളിദാസനും ഭാസനുമെല്ലാം നാടകം എഴുതിയതും അതുകൊണ്ട് തന്നെയാവാം. സംഭാഷണം കൊണ്ട് കഥ പൂർത്തിയാകണമല്ലോ നാടകത്തിൽ. നാടക കൃത്തിന് ഒരിക്കലും രംഗപ്രവേശമില്ല. അയാൾ സദാ തിരശ്ശീലയ്ക്ക് പിന്നിൽ മറയണം. ഇതാണ് അന്ന് നാടകം രചിക്കാൻ ഏറെ ബുദ്ധിമുട്ടായി കണ്ടത്. ഇന്നും സ്ഥിതി അതുതന്നെ. കാളിദാസന്റെ അഭിജ്ഞാനശാകുന്തളവും

ഭാസന്റെ സ്വപ്നവാസവദത്തയും കാലം കഴിഞ്ഞിട്ടും നിലനിൽക്കുന്നത് അതുകൊണ്ടാണ്. അസാധാരണമായ രംഗപൗഷ്കലമുള്ള നാടകമാണ് അഭിജ്ഞാനശാകുന്തളം.

മലയാളത്തിന്റെ നാടകചരിത്രം വ്യക്തമായി ആരംഭിക്കുന്നത് 1882 ൽ അഭിജ്ഞാനശാകുന്തളം മണിപ്രവാള ശാകുന്തളം എന്ന പേരിൽ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തപ്പോഴാണ്. അങ്ങനെ മലയാള നാടകം സ്വന്തം വ്യക്തിത്വം ആർജ്ജിച്ച് വളരാൻ തുടങ്ങി. ഇംഗ്ലീഷിൽ ഫാഴ്സ് എന്ന് വിളിക്കുന്ന പ്രഹസന രൂപത്തിലുള്ള നാടകങ്ങളാണ് ഇക്കാലത്തുണ്ടായത്. 1885 ൽ സി.വി.രാമൻപിള്ള എഴുതിയ ചന്ദ്രമുഖീവിലാസമാണ് ആദ്യകൃതി. സമകാലിക സമൂഹിക കാര്യങ്ങളെ വിമർശിക്കുന്ന പ്രഹസനങ്ങൾ മലയാളിക്ക് നാടകത്തിന്റെ ഗൗരവമുള്ള ഭാവങ്ങളെ കാഴ്ചവെയ്ക്കുകയായിരുന്നു. ശബ്ദഘോഷത്തിൽ മയങ്ങിക്കിടന്ന നാടകം തനതായ വ്യക്തിത്വം ഉറപ്പിച്ചത് 1930 കാലഘട്ടത്തിലാണ്. വി.ടി.ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് എന്ന നാടകം തുടക്കം കുറിച്ചു. നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ എന്താണെന്ന് ലോകം ആ നാടകത്തിലൂടെ അറിഞ്ഞു.

തനത് നാടകപ്രസ്ഥാനത്തിലൂടെ നാടകം മുന്നേറി. നിരവധി കൃതികൾ നമുക്കുണ്ടായി. ജി.ശങ്കരപ്പിള്ള കുട്ടികളുടെ നാടകവേദിക്ക് തുടക്കം കുറിച്ചു. രാഷ്ട്രീയ പരിണാമത്തിന് നാടകവേദി സാക്ഷിയായി. തോപ്പിൽ ഭാസിയെപ്പോലെ ശക്തരായ നാടകകൃത്തുക്കൾ ഉണ്ടായി. പ്രഫഷണൽ, അമേച്വർ എന്നീ രണ്ട് ധാരകളിലൂടെ നാടകവേദി മുന്നേറി.

ഇന്ന് നാടകവേദി ക്ഷീണാവസ്ഥയിലാണ്. സിനമിയുടെ പ്രഭാവം ഒരു കാരണമാവാം. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്ന് കയറ്റം മറ്റൊരു കാരണമാവാം. എന്നാലും ഇന്നും നാടകത്തെ സ്നേഹിക്കുന്ന ഒരു കൂട്ടം മനുഷ്യരുണ്ട്.



## പഴഞ്ചൊല്ലുകൾ

വിത്ത് ഗുണം പത്ത് ഗുണം

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല

മകരത്തില് മഴ പെയ്താൽ മലയാളം മുടിയും

കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം

മുളയിലേ അറിയാം വിള

ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ

എല്ല് മുറിയെ പണിതാൽ പല്ല് മുറിയെ തിന്നാം.

സമ്പാദനം - അശ്വിൻ .റ്റി. സുരേഷ് 10 ബി

കഥ

ഒറ്റപ്പെടലിന്റെ വേദന

അതിഭയങ്കരമായ ശബ്ദം കേട്ട് അവർ എഴുന്നേറ്റു. അവന്റെ ചെരുപ്പ് , ബാഗ് എല്ലാം വെള്ളത്തിൽ ഒഴുകി നടക്കുന്നു.അടുത്ത വീടുകളിൽ നിന്ന് അലറുന്ന ശബ്ദം കേൾക്കുന്നു. അവന്റെ വീട്ടിൽ ആരുമില്ല എന്ന് അവന് തോന്നി. അവൻ അലറി വിളിച്ചു അമ്മേ അച്ഛാ നിങ്ങൾ എവിടെയാണ്.എനിക്ക് പേടിയാകുന്നു. നിങ്ങൾ ഒളിച്ചിരിക്കുകയാണോ? വെറും ഏഴ് വയസ്സ് മാത്രം പ്രായമുള്ള ആ ബാലൻ ഒറ്റയ്ക്ക് ആ വീട്ടിൽ എന്ത് ചെയ്യാൻ പറ്റും. അവൻ വാതിലിന് പുറത്ത് തലയിട്ട് നോക്കി. ആരെങ്കിലും ഉണ്ടോ എന്ന് അറിയാനായി.

അപ്പോഴതാ കുറച്ച് പേർ വന്ന് അവനെ വിളിക്കുന്നു. മോനേ വാ വന്നീ വള്ളത്തിൽ കയറ്. നമുക്ക് പോകാം. അപ്പോൾ അവൻ പറഞ്ഞു. എന്റെ അമ്മയേയും അച്ഛനേയും കാണുന്നില്ല. അവിരല്ലാതെ ഞാൻ എങ്ങോട്ടും വരുന്നില്ല. അപ്പോൾ ആ കൂട്ടത്തിൽ നിന്ന് പ്രായമുള്ള ഒരാൾ പറഞ്ഞു. മോനേ നിന്റെ അച്ഛനും അമ്മയും ഞങ്ങളുടെ കൂടെയുണ്ട്.അവർ നിന്നെ കാണാതെ സങ്കടപ്പെട്ടിരിക്കുകയാണ്.പൂർണ്ണ വിശ്വാസത്തോടെയല്ലാ എങ്കിലും അവൻ വള്ളത്തിൽ കയറി.

അവർ ഒരു സ്ക്കൂളിന്റെ മുന്നിലെത്തി. അവർ അവനെ പൊക്കിയെടുത്ത് ഒരു ക്ലാസ്സ് മുറിയിൽ കൊണ്ടിരുത്തി.എന്നിട്ട് പറഞ്ഞു. അച്ഛനും അമ്മയും ഇപ്പോൾ വരും.മോൻ ഇവിടെ തന്നെ ഇരിക്കണം.അവർ അതും പറഞ്ഞ് പിരഞ്ഞു. അവൻ അവിടെ തനിക്ക് പരിചയമില്ലാത്ത ഒരുപാട് പേരെ കണ്ടു. പക്ഷേ തന്റെ അച്ഛനേയും അമ്മയേയും മാത്രം കണ്ടില്ല. എനിക്കറിയാം അവർ എന്നെ പറ്റിച്ചതാണ്. അമ്മയേയും അച്ഛനേയും കാണുന്നില്ല.അവൻ ആ രാത്രിയിൽ ഉറങ്ങിയില്ല.ഇടിയുടെ ശബ്ദം കേട്ട് പേടിച്ച് വിറച്ചിരുന്നു. അങ്ങനെ ദിവസങ്ങൾ കടന്ന് പോയി. എല്ലാവരും അവരവരുടെ വീടുകളിലേയ്ക്ക് മടങ്ങുവാൻ തുടങ്ങി. എല്ലാവരും പോകുന്നത് കണ്ട്

അവൻ നോക്കിയിരുന്നു. ഏകനായി.

ഫാത്തിമ ബീവി. 8 ബി.



കവിത

പുസ്തകം

അറിവിൻ പ്രതീകമാംപുസ്തകം.
അമ്മയാ നന്മയാം പുസ്തകം
ചൊല്ലി പഠിപ്പിക്കും
മാർഗദീപമാം പുസ്തകം.
അറിവിൻ ആദ്യാക്ഷരം നുണയും
പിഞ്ചുബാല്യത്തിൻ പുസ്തകം.

അമ്മ

ആഴക്കടൽ തേൻ തുള്ളിപോൽ
എൻ മനസ്സിൽ പതിഞ്ഞോരു ചിത്രം.
അമ്മയുടെ ചിത്രം
ഒന്നു കാണുവാൻപോലുമായില്ല
എൻ അമ്മയെ.
വിട്ടു പിരിഞ്ഞു ഒരു വാക്കുപോലും പറയാതെ.
എൻ അമ്മയുടെ ചിരി
എൻ മനസ്സിൻ നൊമ്പരമായി മാറി
എന്റെ സ്വപ്നത്തിൽ അമ്മ വന്നുദിക്കും
എൻ ലോകത്തിലെ മാലാഖയായി.
ഉണരുമ്പോളെന്റെ പ്രഭാതമായി
അമ്മ വന്നുദിക്കും
എൻ കൺമുമ്പിൽ

കാവ്യ.എ. 8 .എഫ്.

ലേഖനം

**ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ആവശ്യകത.**

ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും അതിന്റെ സുസ്ഥിരമായ പരിപാലനവും ഇന്ത്യൻ സംസ്ക്കാരത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു.വ്യതിയാനങ്ങൾക്കൊപ്പം ഭൂമി ശാസ്ത്ര സാസ്ക്കാരിക പ്രത്യേകതകളും കൂടി ചേർന്ന് എല്ലാ തലങ്ങളിലും ജീവശാസ്ത്രപരമായ ഒരു പ്രത്യേകതയാണ് നിലനിൽക്കുന്നത്. ആഗോള തലത്തിൽ കണ്ടെത്തിയിട്ടുള്ള 34 ജൈവ വൈവിധ്യ സ്ഥലങ്ങളിൽ 3 എണ്ണം ഇന്ത്യയിലാണ്. പശ്ചിമഘട്ടം, ഹിമാലയം, ഇന്തോ- ബർമ്മ എന്നിവയാണ് അവ.

ജൈവവൈവിധ്യ സംരക്ഷണം ഇന്ന് പ്രധാനപ്പെട്ട ഒരു കാര്യമായി മാറിയിരിക്കുന്നു. ജൈവവൈവിധ്യത്തിന് ഭീഷണിയായി നിരവധി ഘടകങ്ങളുണ്ട്. പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്ന ഓരോ വ്യക്തിക്കും അത് സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ഉത്തരവാദിത്വമുണ്ട്.

മെയ് 22 ജൈവവൈവിധ്യ ദിനമായി നാം ആചരിച്ച് പോരുന്നു. 1993 മുതൽ ഐക്യരാഷ്ട്ര സഭയാണ് ഈ ദിനാചരണം ആരംഭിച്ചത്. ആദ്യം ഈ ദിനം ഡിസംബർ 29 ന് ആയിരുന്നു. 2000 മുതലാണ് മെയ്യ് 22 ജൈവവൈവിധ്യ ദിനമായി ആചരിച്ചു പോരുന്നത്.

ജൈവവൈവിധ്യത്തിന്റെ നാശം നിരന്തരമായി നടന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ വിവേകരഹിതമായ പ്രവർത്തനം മൂലം നിരവധി ജീവി വർഗ്ഗങ്ങൾ ഭൂമുഖത്തുനിന്ന് മറഞ്ഞ് കൊണ്ടിരിക്കുന്നു. പല ജീവിവർഗ്ഗങ്ങളും വംശനാശ ഭീഷിണിയെ നേരിടുകയാണ്. ജൈവവൈവിധ്യ വ്യതിയാനത്തിന്റെ അനന്തരഭലമാണ് കാലാവസ്ഥാ വ്യതിയാനം. അമിതമായ ചൂടും കനത്ത വരൾച്ചയും നേരിടുന്ന പ്രദേശമായി കേരളവും മാറിക്കൊണ്ടിരിക്കുന്നു. മഴക്കാലത്ത് മഹാ പ്രളയവും വേനൽക്കാലത്ത് വൻ വരൾച്ചയും നമ്മുടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ തെളിവാണ്. അതിനാൽ തന്നെ ജൈവവൈവിധ്യ സംരക്ഷണം നമ്മുടെ ഉത്തരവാദിത്വമായി നാം ഏറ്റെടുക്കണം.

ലക്ഷ്മി . വി.എസ് . 7 എ.

വായനാക്കുറിപ്പുകൾ

ബാസ്കർവില്ലയിലെ വേട്ടനായ

സർ ആർതർ കൊനൻഡോയൽ

സർ ആർതർ കൊനൻ ഡോയൽ നിർമ്മിച്ച കഥാപാത്രമാണ് ഷെർലക് ഹോംസ്. ഈ കഥാപാത്രം ഒരു യഥാർത്ഥ വ്യക്തിയാണെന്ന് പലരും വിശ്വസിക്കുന്നു. ബാസ്ക്കർ വില്ലയിലയെ വേട്ടനായ എന്ന കൃതി ഗ്രാഫിക് നോവലായി കുട്ടികൾക്കായി അവതിരിപ്പിച്ചതാണ്.

പത്ത്

ഷെഫാലി ജെയിൻ

ഷെഫാലി ജെയിൻ എഴുതിയ പുസ്തകമാണ് പത്ത്. തെരുവിലെകുട്ടികളുടെ ജീവിതമാണ് ഈ പുസ്തകത്തിലെ പ്രമേയം. ചിത്രകലാ വിദ്യാർത്ഥിയായിരുന്നപ്പോൾ പാഠ്യപദ്ധതിയുടെ ഭാഗമായാണ് ഈ പുസ്തകം രുപം കൊണ്ടത്.

ഉണരൂ ഉണ്ണികളേ ഉണരൂ.

പി. ലളിതാംബ

പ്രബോധനപരമായ ആശയങ്ങളെ കാവ്യരൂപത്തിൽ കുട്ടികൾക്കായി അവതരിപ്പിച്ചിരിക്കുന്ന കൃതിയാണിത്.ചെറിയ കുട്ടികൾക്ക് ഉൾക്കൊള്ളാൻ പ്രയാസമുള്ള വിഷയങ്ങൾ ലളിതമായി പ്രതിപാദിക്കുവാൻ ഈ പുസ്കതത്തിൽ ശ്രമിച്ചിട്ടുണ്ട്. സ്ത്രീ പുരുഷ സമത്വത്തിനായി മുറവിളി കൂട്ടുമ്പോഴും പെൺകുട്ടികൾ അനുഭവിക്കുന്ന ദുഖങ്ങളെ കവിതയായി മാറ്റിയിരിക്കുന്നു. സ്വന്തം നാടിന്റെ സംസ്ക്കാരം പാരമ്പര്യം എന്നിവയെ പറ്റി മനസ്സിലാക്കാൻ പര്യാപ്തമായ കവിതകൾ ഈ പുസ്തകത്തിൽ കാണുവാൻ കഴിയും.

കവിത

## കഴിഞ്ഞ ദിനരാത്രങ്ങൾ

ലക്ഷ്മീരാജ് 8 എഫ്



ഓർക്കുന്നു ഞാൻ
പ്രളയം കവർന്ന ദിനരാത്രങ്ങൾ
കണ്ണീരിൽ മുങ്ങിയ ദിനരാത്രങ്ങൾ
വീടിൻ മുകളിലെ രാവുകൾ
കണ്ടു നാം
എല്ലാം കണ്ട് വിതുമ്പിയ രാവുകൾ
നിദ്രയിൽ മുഴുകിയ പിഞ്ച് ജീവനുകൾ
എൻ മനസ്സിൽ മുറിവേകി
കണ്ണീരായ് നനവായ്
ആ ദിനരാത്രങ്ങൾ എൻ
മനസ്സിൽ മായാതെ കിടക്കുന്നു.

വായനാക്കുറിപ്പ്
വെനീസിലെ വ്യാപാരി
വില്യം ഷേക്സ് സ്പിയർ

ഇംഗ്ലണ്ടിന്റെ ദേശീയ കവി എന്നാണ് വില്യം ഷേക്സ്പിയറെ വിശേഷിപ്പിക്കുന്നത്. ഒരു കാലഘട്ടത്തിന്റേതുമാത്രമല്ല എക്കാലത്തേയും എഴുത്തുകാരനാണ് ഷേക്സ്പിയർ. അദ്ദേഹത്തിന്റേ രചനകൾ ഇന്നും പഠന വിധേയമായിക്കൊണ്ടിരിക്കുന്നു. പലിശക്കാരനായ ഷൈലോക്കും ധനികസുന്ദരിയായ പോർഷ്യയും അന്റോനിയോയും ബസാന്യോയും കാലാതിവർത്തിയായി ജനമനസ്സുകളിൽ ജീവിക്കുന്നു. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാവുന്ന രീതിയിലാണ് ഗ്രാഫിക് രീതിയിൽ നോവൽ തയ്യാറാക്കപ്പെട്ടിരിക്കുന്നത്.

അനീരാ മോഹൻ

കഥ

അത്യാഗ്രഹം ആപത്താണ്

ഒരിക്കൽ ഒരു വനവേടൻ കാട്ടിലൂടെ നടക്കുകയായിരുന്നു. കുറെ നടന്നിട്ടും ഒറ്റ മൃഗത്തെപ്പോലും കണ്ടെത്താനായില്ല. അവസാനം നിരാശനായി മടങ്ങാൻ തുടങ്ങവേ ഒരു പുള്ളിമാൻ ആ വഴി വന്നു. സന്തോഷവാനയാ വേടൻ മാനിനെ അമ്പെയ്തു വീഴ്ത്തി. അതിനെ തോളിലേറ്റി നടന്ന് നീങ്ങവേ തടിച്ചു കൊഴുത്ത ഒരു പന്നിയെ കണ്ടു. പന്നിയെക്കൂടി സ്വന്തമാക്കണമെന്ന് കരുതി വേടൻ മാനിനെ തോളിൽ നിന്നറക്കി വെച്ചശേഷം പന്നിയെ അമ്പെയ്തു. അമ്പ് തറച്ച് മരണവെപ്രാളം കൊണ്ട പന്നി വേടനെ അക്രമിച്ചു. പന്നിയുടെ വളഞ്ഞ കൂർത്ത തേറ്റകൾ വേടന്റെ വയറ്റിൽ ആഴ്ന്നിറങ്ങി. അങ്ങനെ വേടൻ കൊല്ലപ്പെട്ടു. മരണവെപ്രാളത്തിനിടയിൽ വേടന്റ ചവിട്ടേറ്റ് പുറ്റിൽ ഉണ്ടായിരുന്ന ഒരു പാമ്പ് ചത്തു. ഈ സമയം അതവഴി വന്ന ഒരു കുറുക്കൻ പന്നി ,വേടൻ,മാൻ, പാമ്പ് എന്നിവയുടെ മൃതശരീരങ്ങൾ കണ്ടു. കുറക്കൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. ഏത് ആദ്യം കഴിക്കണം എന്ന നിശ്ചയം ഇല്ലാതായി. ഓർക്കാപ്പുറത്ത് ലഭിച്ച ഈ സൗഭാഗ്യം കുറുക്കനെ അന്ധനാക്കി. അവൻ ഓരോ ശരീരവും മണത്ത് നോക്കി.വേടന്റെ വില്ലും കുറുക്കൻ മണത്ത് നോക്കി. ഏതോ മൃഗത്തിന്റെ കുടൽ മാല ഉണക്കി നിർമ്മിച്ച ഞാണിന്റെ ഗന്ധം കുറുക്കനെ കൊതിപ്പിച്ചു. അവൻ ഞാണിന്മേൽ നക്കാൻ തുടങ്ങി. നാക്കിന്റെ അരം കൊണ്ട് ഞാൺ പൊട്ടി. വില്ലിന്റെ അഗ്രം കുറുക്കന്റെ നെറ്റിയിൽ തറച്ചു. അങ്ങനെ കുറുക്കനും ചത്ത് വീണു.

അനീറ്റ.ജി, 8,സി.



കവിത

എന്റെ ഗുരുനാഥ

അറിവിന്റെ ആദ്യാക്ഷരം
ശൂന്യമാം എന്റെ മനസ്സിൽ
കുറിച്ചിട്ട ഗുരുനാഥയെ
അമ്മയായി സ്നേഹമായി
അറിവുമായി  എന്റെ
കൂടെ വിളങ്ങുമെൻ
ഗുരുനാഥയെ
നന്മയും തിന്മയും ഊർജ്ജവും
എന്നെ പഠിപ്പിച്ച ദൈവമാം
ഗുരുനാഥയെ
എന്റെ ഗുരുനാഥയെ
എന്റഎ ഗുരുനാഥയെ
മനസ്സാൽ നമിക്കുന്നു.

ഹർഷ.ആർ.നായർ. 8.എഫ്.

പഴഞ്ചോല്ലുകൾ

വിത്ത് ഗുണം പത്ത് ഗുണം
അടിതെറ്റിയാൽ ആനയും വീഴും
ചുട്ടയിലെ ശീലം ചുടല വരെ.
വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
മത്തൻകുത്തിയാൽ കുമ്പളം മുളയ്ക്കുമോ?
മകരത്തിൽ മഴ പെയ്യതാൽ മലയാളം മുടിയും
കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.
അധ്വാനം സമ്പത്ത്.
മുളയിലേ അറിയാം മുളക്കരുത്ത്.

സമ്പാദനം - നീരജ് ദാസ് 10 ബി.

കഥ

മൂന്ന് നക്ഷത്രങ്ങൾ

നേഹ റെയ്ച്ചൽ ബിനോയ് . 6 .ബി



ആകാശത്തിൽ വിചിത്രങ്ങളായ മൂന്ന് നക്ഷത്രങ്ങൾ ഉണ്ടായിരുന്നു. നിലാവുള്ള രാത്രിയിൽ അവരെ ആദ്യം കാണുന്നതാരോ അവർക്ക് മൂന്ന് ആഗ്രഹങ്ങൾ സ്വന്തമാക്കാം.

ട്വിന്റിൽ എന്ന കുട്ടി ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ചവനായിരുന്നു.പക്ഷേ അവൻ സന്തോഷവാനല്ലായിരുന്നു.വീട്ടിൽ കളിയോ ചിരിയോ ഇല്ല. ട്വിന്റിലിന്റെ ഡാഡിയും അങ്കിളും എപ്പോഴും വഴക്കിട്ട്കൊണ്ടിരിക്കും. ഓരോരോ കാരണങ്ങൾ പറഞ്ഞ്. അവന്റെ മുത്തശ്ശിക്ക് കാഴ്ചയില്ലായിരുന്നു. ഇത്രയും പ്രശ്നങ്ങൾ അവനെ അലട്ടിക്കൊണ്ടിരുന്നു.

ട്വിന്റിലിന് ഒരു കാര്യത്തിലും താല്പര്യമില്ലാതയെയായി. അവന്റെ അവസ്ഥ കണ്ട് അവന്റെ അമ്മ വല്ലാതെ വിഷമിച്ചു. ഒരിക്കൽ രാത്രിയിൽ അമ്മയുടെ മടിയിൽ തലവെച്ച് ഉറങ്ങാൻ കിടന്ന ട്വിന്റിലിനോട് അമ്മ ഒരു കഥ പറഞ്ഞു. ആ സമയം ക്രിസ്തുമസ്സ് അടുത്ത് വരുകയായിരുന്നു.

മഞ്ഞ് നാട്ടിലെ സാന്തോക്ലോസ്സ് മൂന്ന് കുഞ്ഞ് നക്ഷത്രങ്ങളെ അയച്ചു. അവരെ ആദ്യം കാണുന്ന വ്യക്തിക്ക് ഭാഗ്യം ഉണ്ടാകുമായിരുന്നു. ഇന്നും ആ നക്ഷത്രങ്ങൾ മിന്നിമറഞ്ഞ് നടക്കുന്നുണ്ട്. കഥ തീർന്നിട്ടും ട്വിന്റിലിന് ഉറങ്ങാൻ കഴിഞ്ഞില്ല. അവൻ കിടന്ന് ഉറങ്ങാൻ നോക്കി. തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും ഉറക്കം വന്നില്ല. അവന്റെ മനസ്സ് നിറയെ ആ നക്ഷത്രങ്ങളെപ്പെറ്റിയുള്ള ചിന്തയായിരുന്നു. അവൻ ജനൽപാളികളിലേയ്ക്ക് നോക്കി. നല്ല നിലാവുണ്ട് . അവന് പുറത്തിറങ്ങണം.ആരും അറിയാതെ ആരെയും അറിയിക്കാതെ അവൻ കതക് തുറന്നു . കുളിര് കോരുന്ന കാറ്റുണ്ട്. മെല്ലെ അവൻ പുറത്തേയ്ക്ക് വന്നു. തന്റെ കുഞ്ഞിക്കണ്ണുകൾ തുറന്നു. ആകാശത്തേയ്ക്ക് നോക്കി. ആ..... ആ..... ആ..... അതാ അത്ഭുതം

മാനത്ത് ചന്ദ്രന് ചുറ്റും മൂന്ന് നക്ഷത്രങ്ങൾ തിളങ്ങുന്നു. അവൻ സ്തംഭിച്ച് നിന്നു. അവന് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. അവൻ മെല്ലെ തന്റെ മുറിയിലേയ്ക്ക് തിരിച്ച് വന്നു. നക്ഷത്രങ്ങളെ ഓർത്ത് കിടന്ന അവനെ ഉറക്കം മെല്ലെ തലോടി. ട്വിന്റിൽ ഒരു സ്വപ്നത്തിലേയ്ക്ക് വഴുതി വീണു. അതാ.... മുന്ന് നക്ഷത്രങ്ങൾ അവനോട് സംസാരിക്കുന്നു. ട്വിന്റിൽ നിന്റെ ആഗ്രഹങ്ങൾ സാധിക്കുമാറാകട്ടെ. നക്ഷത്രങ്ങൾ വരം നൽകി മാഞ്ഞ് പോയി. ട്വിന്റിൽ ഞെട്ടി ഉണർന്നു. സത്യമാണോ ഇത്. അവൻ ചിന്തിച്ചു. നേരം പുലർന്നു. ട്വിന്റിൽ ജനൽപാളിയുടെ അടുത്തെത്തി തന്റെ ആഗ്രഹം തുറന്നു. അവന്റെ ഡാഡിയും അങ്കിളും തമ്മിലുള്ള പിണക്കം മാറണം.

ഹാളിലേയ്ക്ക് വന്ന ട്വിന്റിൽ അതിശയിച്ചു. ഡാഡിയും അങ്കിളും സന്തോഷത്തോടെ സംസാരിച്ചിരിക്കുന്നു. അവർ വീണ്ടും കൂട്ട് കൂടിയിരിക്കുന്നു.രണ്ടാം ദിവസം രാവിലെ അവൻ വീണ്ടും ജനൽപ്പാളികൾക്കടുത്തെത്തി. തന്റെ ആഗ്രഹം മനസ്സിൽ വിചാരിച്ചു. അവന്റെ മുത്തശ്ശിക്ക് കാഴ്ച തിരിച്ച് കിട്ടണം.മുത്തശ്ശി ആശുപത്രിയിലാണ്. പെട്ടന്ന് ഒരു ഫോൺ കോൾ വന്നു. മുത്തശ്ശിക്ക് കാഴ്ച തിരികെ ലഭിച്ചിരിക്കുന്നു. ട്വിന്റിലിന്റെ കണ്ണുകൾ നിറഞ്ഞു സന്തോഷം കൊണ്ട് അവൻ തുള്ളിച്ചാടി. മൂന്നാം ദിവസം അവൻ ജനാലപ്പാളിയുടെ അരികിലെത്തി. തന്റെ മനസ്സിൽ മന്ത്രിച്ചു. ഇനിയുള്ള നിലാരാത്രികളിൽ ആ നക്ഷത്രങ്ങൾ വീണ്ടും മിന്നിത്തിളങ്ങിയിരുന്നെങ്കിൽ.......



കവിത

മധുരമായ ഓർമ്മകൾ

എലന മരിയ. 8.സി

ഇന്നും എന്നും നിന്നെ ഞാനോർക്കുന്നു.
എൻ ജീവിതത്തിൻ സുന്ദര നിമിഷങ്ങളെ
സൗഹൃദത്തിന്റെ വിലയും
അദ്ധ്യാപകർ തന്ന അറിവും
ഇന്നും മനസ്സിൽ
ഒരോർമ്മയായി നിലകൊള്ളുന്നു

ഇണങ്ങിയും പിണങ്ങിയും കാലം പോകവേ
നീയും എൻ കൂടെ ഉണ്ടായിരുന്നു.
നമ്മൾ ഒരുമിച്ചു പങ്കിട്ടി നാളുകളിൻ
ഓർമ്മകൾ ഇന്നും എൻ മനസ്സിൽ കുളിരേകുന്നു.

കള്ളത്തരങ്ങൾ നാം കാണിക്കുമ്പോൾ
നമ്മെ തിരുത്തി തന്ന ഗുരുനാഥന്മാർ
അവരുടെ സ്നേഹവും കരുതലും ഇന്നും
എൻ ഓർമ്മയിൽ തെളിഞ്ഞ് വരുന്നു.

ജീവിതത്തിൽ ഓർമ്മകൾ തന്ന ആ പോയകാലം
അതിന്റെ സന്തോഷങ്ങളും ദുഖങ്ങളും
ഇന്നും എൻ ജീവിതത്തിൽ ഒരു
വിരഹവേദനയായി നിലകൊള്ളുന്നു.

കഥ
അൽഷിമേഴ്സിന്റെ ആസ്വാദക
രാധിക ടീച്ചർ

സർക്കാരുദ്യോഗം കാലങ്ങൾ നീണ്ട സ്വപ്നങ്ങൾക്ക് സാക്ഷാത്ക്കാരം. ബാല്യത്തിൻ കിളിക്കൊഞ്ചൽ മാറും മുമ്പേ ജീവിത പ്രാരാബ്ധതോണിയിലേറിയതാണ്. പലവട്ടം തുനിഞ്ഞു മുങ്ങാൻ പിന്തിരിയാൻ കഴിഞ്ഞില്ല. ആശാപാശം അത്രകണ്ട് വരിഞ്ഞിരിക്കുന്നു. ഇപ്പോൾ അല്പം ആശ്വാസം. മെല്ലെ മെല്ലെ കടമ്പകളും കടങ്ങളും പിന്നിട്ടു. നന്മകൾ തൻ ഘോഷയാത്രയായി. ആശ്രിതരുടെ ഉന്നമനം കൺകുളിരെ കണ്ട് തൃപ്തയായി. തന്നെത്താൻ മറന്ന് മറ്റുള്ളവർക്കായി ജീവിച്ച ആ നാളുകൾ

ഇന്നും ഞാൻ എന്നെ മറന്നിരിക്കുന്നു. സ്നേഹ സദനമെന്ന വൃദ്ധമന്ദിരത്തിലെന്തേ ഞാനെത്തി. എങ്ങനെ ഞാനെത്തി. വേണ്ട അതോർക്കാതിരിക്കുന്നതാവും ബുദ്ധി. വേണ്ടപ്പെട്ടവർ തന്നെ തഴയുമെന്ന സത്യം.  പലരുമോതിയിട്ടും അതോർക്കാതിരുന്നതാണെൻ അബദ്ധം. തനിക്കായൊന്നും കരുതാത്തത് മറ്റൊരബദ്ധം. എല്ലാം തന്റേതെന്ന് കരുതിയത് മഹാഅബദ്ധം.

സേവനത്തിൽ നിന്ന് പിരഞ്ഞനാൾ. ഇനി തെല്ലൊന്നാശ്വസിക്കാമെന്ന് വ്യാമോഹിച്ച നാൾ. തന്റെ ആശ്വാസം, ക്ഷീണം, അനാരോഗ്യം മറ്റുള്ളവരെ അലോസരപ്പെടുത്തുന്നു എന്നറിയാൻ തുടങ്ങിയ ആ നാൾ. വേണ്ട ഓർക്കേണ്ട. മറവി എന്നെ സഹായിക്കട്ടെ എല്ലാറ്റിലും നിന്നുള്ള മോചനത്തിനായി മറവി എപ്പോഴും ആശ്വാസമാണ്. വിശേഷിച്ചും വാർധക്യത്തിൽ. അതിനാൽ ഞാനിപ്പോൾ സന്തോഷവതിയാണ്. സ്നേഹസദനത്തിലെ അന്തേവാസിയായി. അൽഷിമേഴ്സിന്റെ ആസ്വാദകയായി....



വായനാക്കുറിപ്പ്.

ജൂലിയസ് സീസർ
വില്യം ഷേക്സ്പിയർ

അരുന്ധതി ദേവി. 6.ബി

ഒരു കാലഘട്ടത്തിന്റെ മാത്രമല്ല എക്കാലത്തേയും എഴുത്തുകാരനും ഇംഗ്ലണ്ടിന്റെ ദേശീയ കവിയുമാണ് വില്യം ഷേക്സ്പിയർ. മനുഷ്യ വികാരങ്ങളെ വളരെ ലളിതമായി അവതരിപ്പിക്കുന്ന വിശ്വസാഹിത്യകാരനാണ് ഷേക്സ്പിയർ. ജൂലിയസ് സീസർ ഏറെ ശ്രദ്ധേയമായ രചനയാണ്. ജൂലിയസ് സീസർ ജീവിതത്തിൽ അനുഭവിച്ച ദുഖം, സന്തോഷം, സ്നേഹം, എന്നിവയെല്ലാം നിറഞ്ഞ കൃതിയാണിത്.സീസർക്ക് പരാജയം സഹിക്കാനാവുന്നില്ല. സീസറിന്റേയും ബ്രൂട്ടസിന്റേയും കഥ തലമുറകളിലൂടെ പറഞ്ഞുകൊണ്ടേയിരിക്കുന്നു.

പ്രണവിന്റെ ചിത്രം

ആമിന മുഹമ്മദ്

ഒരു കുട്ടിയുടെ കഥയാണിത്. സങ്കല്പം വെച്ചാണ് കുട്ടി ചിത്രം വരയ്ക്കുന്നത്. മികച്ച ഒരു ബാലസാഹിത്യ കൃതിയാണ് പ്രണവിന്റെ ചിത്രം എന്ന പുസ്തകം. നന്ദിനി നായരാണ് ഈ കഥ മൊഴിമാറ്റം ചെയ്തത്.

കൂട് തുറന്ന്തരൂ.
ജി.ശങ്കരക്കുറുപ്പ്

ഗംഗ.എസ്. 6 .എ

കൂട് തുറന്നു തരൂ എന്ന കഥ വളരെ മനോഹരമാണ്. ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴയുന്നത് ഭൂമിയിൽ സന്തോഷത്തോടെയും സമാധാനത്തോടെയും പറന്ന് നടക്കുന്ന പറവകളെ കൂട്ടിലടയ്ക്കുന്നത് വലിയ തെറ്റാണ് എന്നതാണ്.പക്ഷികളെ പിടിക്കുമ്പോൾ അവരുടെ സ്വാതന്ത്ര്യമാണ് നഷ്ടപ്പെടുന്നത്. നമ്മെ ആരെങ്കിലും പിടിച്ച് കൂട്ടിലടയ്ക്കുമ്പോഴേ അതിന്റെ വിഷമം നമുക്ക് മനസ്സിലാവുകയുള്ളൂ.ഈ കഥയിൽ ഒരു തത്തയെയാണ് കുട്ടി കൂട്ടിൽ അടയ്ക്കുന്നത്.

കവിത



**മായുന്ന മഴവില്ല്.**

**അസ്നാമോൾ മജീദ് . 8.സി**

ഏഴുവർണ്ണങ്ങൾചൊരിയും വസന്തമേ
ആര് നിനക്കി നിറം ചൊരിഞ്ഞൂ.
സപ്തനിറംകൊണ്ടഴുകുപൊഴിക്കുന്ന
സൗന്ദര്യശോഭയിൽ നീ മാത്രമാ...
നീ എന്നരികിൽ വന്നെത്തുംനേരത്ത്
എൻ ഹൃദയം തന്നിൽ ആനന്ദമാ
എൻ പ്രിയതോഴീ നീ മായുന്ന നേരത്ത്
ഉള്ളിലൊരായിരം നൊമ്പരമാ...

നീതന്ന സ്നേഹവും നിന്റെ കരുതലും
കണ്ടില്ലാ എന്നുനടിച്ചിന്നു ഞാൻ
എങ്കിലും എന്റെയുള്ളിന്റെയുള്ളിൽ
നിനക്കായ് പണിതൂഞാനേഴു സ്വർഗ്ഗം
പിന്നെയൊരു കാർമേഘപാളിവന്നണയുന്നു
പതിയെ പതിയെ നീ മറഞ്ഞൂ...

പിന്നെ നീ വന്നില്ലാ
ഹൃദയം തുറന്നില്ലാ ദൂരെ വിമൂകനായി
നിന്നുനീ...
എങ്കിലുമെന്റെ മിഴികളുറ്റുനോക്കുന്നു
നിന്റെ സ്ഫുരിക്കുന്ന ഏഴ് വർണ്ണം.

കഥ

അത്യാഗ്രഹിയായ പൂമ്പാറ്റ

തേജ അഭിലാഷ്. 6.എ

ഭംഗിയുള്ള ചിത്രശലഭം. അതിന് ഒരു കുടുംബം ഉണ്ടായിരുന്നു.എന്നാൽ ചിത്രശലഭത്തിന് ഒരു വിചാരമുണ്ടായിരുന്നു തന്റ്റത്രയും അഴക് മറ്റൊരു ചിത്രശലഭത്തിനും ഇല്ലെന്ന്. ഈ ചിന്ത തെറ്റാണെന്ന് ശലഭം ഒരിക്കലും ചിന്തിച്ചിരുന്നില്ല.ഒരിക്കല് ശലഭം മറ്റ് ശലഭങ്ങൾക്കൊപ്പം തേൻകുടിക്കാൻ പോയി. അവർ പറന്ന് വലിയ ഒരു പൂന്തോട്ടത്തിൽ എത്തി. തോട്ടത്തിലുള്ള എല്ലാ പൂവുകളിലും സുന്ദരിയായ ഒരു പൂവിനെ അവർ കണ്ടെത്തി. ചിത്രശലഭത്തിന്റെ കൂട്ടുകാർ പറഞ്ഞു അതാ എത്ര നല്ല പൂവ് . എന്തൊരു ഭംഗിയാണ് അതിനെ കാണാൻ. കൂട്ടുകാരുടെ വാക്കുകൾ ചിത്രശലഭത്തിന് ഇഷ്ടമായില്ല.ശലഭത്തിന്റെ മനസ്സിൽ ഒരു വിചാരം വന്നു. എങ്ങനെയെങ്കിലും ആ പൂവിനേക്കാൾ ഭംഗി തനിക്ക് നേടണം. ഇങ്ങനെ ചിന്തിച്ച് നടക്കുമ്പോഴാണ് ഒരു വീട്ടിൽ നിന്ന് ഒരു കുട്ടി മനോഹരമായി ചിത്രങ്ങൾ വരയ്ക്കുന്നത് ശലഭം കണ്ടത്.കട്ടിയുടെ അടുത്ത് പല നിറങ്ങളിലുള്ള ചായങ്ങൾ ഇരിക്കുന്നത് ശലഭം കണ്ടു. കുട്ടി മാറിയ തക്കം നോക്കി ശലഭം അവിടെ ഇരുന്ന ചായങ്ങളിൽ തന്റെ ചിറകുകൾ മുക്കി. പറക്കാനുള്ള പ്രയാസങ്ങൾ കാര്യമാക്കാതെ പിന്നെയും ചായത്തിൽ തന്റെ ചിറകുകൾ മുക്കിക്കൊണ്ടിരുന്നു.അപ്പോൾ കുട്ടി വരുന്നത് ശലഭം കണ്ടിരുന്നില്ല. കുട്ടി തന്റെ ബ്രഷ് ശലഭത്തിന്റെ മേൽ പതിപ്പിച്ചു. അതോടെ ശലഭത്തിന്റെ ശ്വാസവും നിലച്ചു.



അനുഭവക്കുറിപ്പ്

എന്റെ മഴക്കാല അനുഭവം.
ആവണി മധു. 8.ബി

ഇടിയുടെ ഒച്ച കേട്ടാണ് ഞാൻ എഴുന്നേറ്റത്. ജനാലയിലൂടെ പുറത്തേയ്ക്ക് നോക്കി. പുറത്ത് നല്ല മഴ. എന്ത് നല്ല രസമായിരുന്നു. ഞാൻ വീടിന്റെ മുന്നിലേയ്ക്ക് വന്നു. നല്ല തണുത്ത കാറ്റ് എന്ന തലോടി മന്ദം മന്ദം കടന്നുപോയി. ഠപ്പ് ഇടിയുടെ ശബ്ദം കേട്ട് ഞാൻ ഞെട്ടിപ്പോയി. അപ്പോഴാണ് ഞാൻ അത് കണ്ടത്. വീടിനടുത്തുള്ള കുളം നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്നു. മീനുകൾ വീട്ടുമുറ്റത്ത് നീന്തിക്കളിക്കുന്നു.എനിക്ക് പുറത്തേയ്ക്ക് ഇറങ്ങണം എന്നുണ്ടായിരുന്നു. അപ്പോഴേയ്ക്കും അമ്മ അടുക്കളയിൽ നിന്ന് വിളിച്ചു പറഞ്ഞു മോളേ നല്ല മഴയാണ് പുറത്തിറങ്ങരുത്. എനിക്ക് വല്ലാതെ സങ്കടം വന്നു. അപ്പോൾ തണുത്ത കാറ്റ് വീശുന്നുണ്ടായിരുന്നു. തണുത്ത് വിറച്ച് ഞാൻ വീടിനുള്ളിലേയ്ക്ക് കയറിപ്പോയി. മഴതോർന്നു . ഞാൻ പുറത്തിറങ്ങി. മരത്തിലെ ഇലകളിൽ നിന്നും കുഞ്ഞ് കുഞ്ഞ് മഴത്തുള്ളികൾ എന്റെ മുഖത്തേയ്ക്ക് വീണു. നല്ല രസം. കെട്ടിക്കിടന്ന വെള്ളത്തിൽ ഞങ്ങൾ കടലാസ്സു വള്ളം ഒഴുക്കിവിട്ടു. മായാതെ മഴയോർമ്മ ഇന്നും എന്റെ മനസ്സിൽ നിൽക്കുന്നു.

കവിത

കൊച്ചു പൂമ്പാറ്റ

അശ്വതി.എസ്. 6 എ

കൊച്ചുപൂക്കളിലുമ്മവെച്ചു കൊച്ചുപൂമ്പാറ്റ
കൊച്ചുപൂക്കളിൽ നൃത്തമാടി കൊച്ചുപൂമ്പാറ്റ
കൊച്ചു പൂക്കൾമെത്തയാക്കി കൊച്ചുപൂമ്പാറ്റ
കൊച്ചുപൂക്കളിൽ ചാഞ്ഞുറങ്ങി കൊച്ചുപൂമ്പാറ്റ
കൊച്ചുചിറകിൽ പാറിവന്നു കൊച്ചുപൂമ്പാറ്റ
പാറിവന്നു തേൻകുടിച്ചു കൊച്ചുപൂമ്പാറ്റ
പാറിപ്പാറി തിരികെപ്പോയി കൊച്ചുപൂമ്പാറ്റ
തിരിഞ്ഞുനിന്നു റ്റാറ്റാകാട്ടി കൊച്ചുപമ്പാറ്റ

കഥ

അവരുടെ യാത്ര

ഹരിപ്രസാദ് .സി.പി. 7 ഡി.

അന്ന് അപ്പുവും അമ്മുവും നേരത്തേ ഉണർന്നു. രണ്ടുപേരും സ്വപ്നം കണ്ടുറങ്ങുകയായരുന്നു. രണ്ട് പേരും ചാടിയെഴുന്നേറ്റു. അമ്മാവന്റെ കല്യാണമായിരുന്നു അന്ന്. ഇതു കണ്ട അവരുടെ അമ്മ അമ്പരന്നുപോയി. എന്നും മടിപിടിച്ച് കിടന്നുറങ്ങുന്ന കുട്ടികൾ. ഇന്ന് രാവിലെ എഴുന്നേറ്റ് കല്യാണത്തിന് പോകുവാൻ ഒരുങ്ങുന്നു. അവർ പുറപ്പെടാൻ തുടങ്ങിയപ്പോൾ അവർക്ക് ഒരു കത്ത് വന്നു. വിദേശത്തുള്ള തങ്ങളുടെ അച്ഛൻ മരിച്ചിരിക്കുന്നു. നിരാശരായി അവർ എന്ത് ചെയ്യണമെന്നറിയാതെ നിന്നുപോയി.

കവിത

## ഹൃദയപല്ലവി

അഞ്ജലീകൃഷ്ണ 10 ഡി



പൂമിഴി പൂട്ടിയില്ല രാവോളംകാത്തു നീ
എൻ മൗനതാള സ്വരം
നിൻ ഹൃദയപല്ലവിയാകെ
ഇന്നീലോകം മയാവർണ്ണം
ജനനീ നിൻ മുന്നിലെന്നും
എന്നും ഞാനുണ്ടേ....
കരയരുതേ നീ പിണങ്ങരുതേ നീ..
എൻ പ്രാണനെന്നും എന്നും നീയല്ലേ അമ്മേ
എന്റയീ ഹൃദയത്തുടിപ്പിലെന്നും
നീ ഉള്ളറയിൽ കൊള്ളവേ
ആ ഹൃദയം വിങ്ങലാകുമ്പോൾ
എൻ മനം തളരവേ.

കഥ

## കുട്ടിക്കുരങ്ങന് പറ്റിയ പറ്റ്

ഗായത്രി.എസ്. 6 എ

സുന്ദരമായ ഗ്രാമപ്രദേശം . അവിടെ ഒരു കുട്ടിക്കുരങ്ങൻ ഉണ്ടായിരുന്നു. അവൻ മഹാവികൃതിയായിരുന്നു. ഒരു ദിവസം അവൻ മരങ്ങൾക്കിടയിലൂടെ സഞ്ചരിക്കുകയായിരുന്നു. അപ്പോൾ അവിടെ പാവപ്പെട്ട കർഷകന്റെ വീട്ടിൽ വാഴപ്പഴം തൂങ്ങിക്കിടക്കുന്നത് അവൻ കണ്ടു.അവന് കൊതിയടക്കാനായില്ല.കർഷകൻ കൃഷിചെയ്യാൻ പോകുന്ന തക്കം നോക്കി കുരങ്ങൻ വാഴപ്പഴം മുഴുവൻ കട്ട് തിന്നു. കൃഷിചെയ്ത് അവശനായി വന്ന കർഷകൻ കുടിലേയ്ക്ക് വന്നപ്പോൾ താൻ കഷ്ടപ്പെട്ടുണ്ടാക്കിയ വാഴപ്പഴം മോഷ്ടിച്ച് തിന്നതായി മനസ്സിലായി. അദ്ദേഹത്തിനത് വലിയ വിഷമമായി.

വാഴപ്പഴം തിന്ന് കുട്ടിക്കുരങ്ങൻ സുഖമായി ഉറങ്ങുകയായിരുന്നു.തന്റെ പ്രവർത്തികളുടെ കുഴപ്പം കാണാൻ കുരങ്ങന് കഴിഞ്ഞിരുന്നില്ല. കർഷകൻ ദൈവത്തോട് മനസ്സുരുകി പ്രാർത്ഥിച്ചു. വാഴപ്പഴം കട്ട് തിന്നവനെ ഒരു പാഠം പഠിപ്പിക്കണം.കർഷകൻ വാഴപ്പഴത്തോടൊപ്പം ഒരു കെണിയും തയ്യാറാക്കി വച്ചിരുന്നു. വാഴപ്പഴം തേടി വന്ന കുട്ടിക്കുരങ്ങന്റെ കാലിൽ കർഷകൻ വിതറിയിട്ട മുള്ളുകൾ തറച്ച് കയറി. കുട്ടിക്കുരങ്ങൻ വേദനകൊണ്ട് കരഞ്ഞു. കർഷകനും നാട്ടുകാരും ഓടിയെത്തി. മോഷ്ടാവിനെ പിടികൂടി. പിന്നീടൊരിക്കലും മോഷ്ടിക്കാൻ കുട്ടിക്കുരങ്ങൻ ശ്രമിച്ചില്ല.

വായനാക്കുറിപ്പ്

ഓട്ടക്കാരൻ കുരുമുളക്
സുചിത്രരാമ ദുരൈ

സഫാന സിയാദ് 6 സി

സുചിത്ര രാമദുരൈ എഴുതിയ കഥയാണ് ഓട്ടക്കാരൻ കുരുമുളക്.ഒരു ഗ്രാമത്തലെ തെളിഞ്ഞ പ്രഭാതം. രാവിലെ എഴുന്നേറ്റ അമ്മിണിക്കുട്ടയമ്മ രാവിലെ ദോശയും ചമ്മന്തിയും ഉണ്ടാക്കുവാനുള്ള തയ്യാറെടുപ്പിലാണ്.ചെറിയ ഉള്ളിയും ഉപ്പും ചുവന്ന ഉള്ളിയും എടുത്തു. കുരുമുളകിനായി നോക്കി. പെട്ടിയിൽ ഒരു കുരുമുളക് മാത്രമേയുള്ളൂ. അരയ്ക്കാനായി കുരുമുളക് എടുത്തപ്പോൾ അത് താഴേയ്ക്ക് ചാടി. പിന്നീട് കുരുമുളകിന് സംഭവിച്ച മാറ്റങ്ങളാണ് കഥയിൽ പറഞ്ഞിരിക്കുന്നത് .

കഥ
ഒരു കുടയും കുഞ്ഞൻ മുയലും
രേഷ്മ.എസ്. 8.ബി
ഒരു ദിവസം കുടയും ചൂടി കുഞ്ഞൻ മുയൽ മഴയത്ത് വരികയായിരുന്നു. അപ്പോഴാണ് മഴനനഞ്ഞ് വരുന്ന കിച്ചൻ മുയലിനെ കുഞ്ഞൻ കാണുന്നത്. എന്നേക്കൂടെ കുടയിൽ കയറ്റാമോ കിച്ചൻ മുയൽ ചോദിച്ചു.പറ്റില്ല എന്റെ കുടയിൽ ഞാൻ ആരേയും കയറ്റല്ല കുഞ്ഞൻ പറഞ്ഞു. അപ്പോഴാണ് ഒരു സുന്ദരൻ കൂൺ വഴിയിൽ നിൽക്കുന്നത് കിച്ചൻ കണ്ടത്. അവൻ ഓടിപ്പോയി അതിന്റെ അടിയിൽ കയറി നിന്നു. ഹയ്യ നല്ല കുട ഇനി ഞാൻ ഒട്ടും നനയില്ല. കിച്ചന്റെ കുട കണ്ട് കുഞ്ഞൻ നാണിച്ച് പോയി.

കവിത

## ഇരുട്ടിലെ കുഞ്ഞുവെളിച്ചം

ഫാത്തിമ.എച്ച്. 8 എഫ്

ഇരുട്ടിന്റെ ഉള്ളറയിൽ നിന്ന്
കണ്ടുഞാനൊരു കുഞ്ഞു വെളിച്ചം
എന്തെന്നറിയാതെ പരിഭ്രമിച്ചോടി
ഞാനായിരുട്ടിൻ ഉള്ളറയിലേയ്ക്ക്

പുസ്തകത്തിൻ നടുവിലെ
താളിൻനിന്നൂ കണ്ടുഞാനാ
അറിവിൻ കുഞ്ഞ് വെളിച്ചം

ആവെളിച്ചം കണ്ടു
ആഹ്ലാദവാനായി ഞാൻ എൻ
അമ്മയുടെയരികിലേയ്ക്കോടി
എന്നിട്ടു ഞാൻ പറഞ്ഞുഎൻ
അമ്മയോടാ കുഞ്ഞുവെളിച്ചത്തിൻ കഥ
എൻ അമ്മയും ആഹ്ലാദം പൂണ്ടു
എന്നിട്ടുല്ലസിച്ചുഞാനോടി
എൻ കുടിലിനടുത്തുള്ള
കൊച്ചു മൈതാനത്തേയ്ക്ക്

കഥ

വിശപ്പിന്റെ വില

ഒരു കാട്. മൃഗങ്ങൾ കുറവാണ്. പക്ഷികൾ ധാരാളമുണ്ട്. അതാണ് ഈ കാടിന്റെ പ്രത്യേകത. പക്ഷികളുടെ രാജാവായ ഗരുഡൻ വളരെ അത്യാഗ്രഹിയായിരുന്നു. മറ്റ് പക്ഷികളിൽ നിന്നും തീറ്റത്തട്ടിപ്പറിച്ചു കൊണ്ട് പോകുമായിരുന്നു. ഒരു നാൾ ദേശാടനത്തിനെത്തിയ ഒരു കൂട്ടം പക്ഷികളിൽ ഒരു അമ്മക്കിളിയും മകനും ഉണ്ടായിരുന്നു. ആവർ ഒരു മരപ്പൊത്തിലാണ് തീറ്റ സംഭരിച്ച് വയ്ക്കുന്നത്. ഗരുഡൻ അത് കണ്ടു. പക്ഷികൾ പുറത്തേയ്ക്ക് മാറിയതും ഗരുഡൻ അവരുടെ തീറ്റ തട്ടിയെടുത്തു. തിരിച്ച് വന്ന അമ്മ പക്ഷിയും മകനും തീറ്റ എടുക്കാനായി മരപ്പൊത്തിൽ നോക്കിയപ്പോൾ തീറ്റ കാണാനില്ല. മകന് വിശന്ന് കരയാൻ തുടങ്ങി. ഇതെ സമയം ഗരുഡൻ അവരുടെ തീറ്റ ഭക്ഷിക്കുകയായിരുന്നു. അമ്മ പക്ഷിപോയി ധാരാളം തീറ്റ കൊണ്ടുവന്നു.

ഭക്ഷണം കഴിച്ച് വയർ നിറഞ്ഞ ഗരുഡൻ നല്ല ഉറക്കത്തിലായി. തന്റെ ദേഹത്ത് എന്തോ ഒന്ന് വീഴുന്നതായി ഗരുഡന് തോന്നി. ഉണർന്ന് നോക്കിയപ്പോൾ താൻ വലയിൽ ആകപ്പെട്ടിരിക്കുന്നതായ് ഗരുഡന് മനസ്സിലായി. അവൻ എത്ര ശ്രമിച്ചിട്ടും വലയിൽ നിന്ന് രക്ഷപ്പെടുവാൻ കഴിഞ്ഞില്ല. ഗരുഡൻ ഉറക്കെ കരയാൻ തുടങ്ങി. അമ്മ പക്ഷിയും മകനും വലയിൽ വീണ് കിടക്കുന്ന ഗരുഡനെ കണ്ടു.ഗരുഡൻ കരഞ്ഞു കൊണ്ട് പറഞ്ഞു. എനിക്ക് വിശക്കുന്നു. ഇത് കേട്ട് അമ്മ പക്ഷി പറഞ്ഞു. നീ ഞങ്ങളേപ്പോലയുള്ള പക്ഷികളുടെ തീറ്റ മോഷ്ടിക്കാറില്ലേ. നീ വിശന്ന് മരിക്കട്ടെ. മാപ്പ് മാപ്പ് ഗരുഡൻ കരഞ്ഞ്കൊണ്ട് മാപ്പിരന്നു. ഇനി ഞാൻ ആരുടേയും തീറ്റ തട്ടിപ്പറിക്കില്ല.അമ്മക്കിളിയും മകനും വല മുറിച്ച് ഗരുഡന് രക്ഷിച്ചു.ഗരുഡൻ അവരോട് നന്ദി പറഞ്ഞു. അതിനുശേഷം അവൻ ആരുടേയും തീറ്റ തട്ടിപ്പറിച്ചില്ല. ദേശാടനപക്ഷികൾ തങ്ങളുടെ ദേശത്തേയ്ക്ക് മടങ്ങിപ്പോയി.

കവിത

## മയൂരനടനം

അഞ്ജന.ആർ. 7 ഡി.

പലവർണ്ണങ്ങളാൽ നിൻ സൗരഭ്യം
എന്നുമോർക്കുന്നു ഞാൻ നിൻ പീലി പോലെ
മേനിപ്പുതപ്പുള്ള ഈയുടുപ്പ്
നിന്നമ്മതുന്നിത്തന്നതാണോ?

കാത്തിരിപ്പാണുഞാൻനേരം മുഴുവൻ
നിൻ നൃത്തച്ചുവടുകൾ കാണുവാനായി
എത്രമനോഹരം നിന്റെ നൃത്തം

നിൻപീലി പുസ്തകത്താളുകളിൽ
ഒന്നു തലോടുവാൻ എനിക്കിഷ്ടം.
തുമ്പപ്പൂപോലുള്ള നിൻ മയൂരനൃത്തം
ആരുംകൊതിച്ചിടും ഒന്നുകാണാൻ
ഞാനും കൊതിക്കുന്നു ഒന്നുകാണാൻ

# What is the Colour of Death?

Sudha Teacher

What is the colour of Death?
I asked again and again
I Searched the answer in Depth
I heard the echo again and again
Once I saw the Death of an old mother
Tears filled in the eyes of her children
Not because of her Death
But because of her Wealth
I felt the colour of Death as White
The Saviour form the hands of cruelty
Once I saw the Death of a Girl
She wore an yellow scarf around her neck
Her face is pale yellow and wore an yellow frock
Cancer is her lover and he carried her to another World
I felt the colour of Death as Yellow
As pale as a fallen flower.
Once I saw the Death of a Boy
He was playing with a red Foot Ball
A red car hit him decorate him with Red Blood.
The eyes of the crowd is reddish and
I felt the colour of Death as Red
As danger as a red fire.
Once I saw the Death of a Man
I saw the hidden fear in that house
The crying innocent wife and children
The life is too  dark for them
They were alone and helpless
I felt the colour of Death as Black
As black as Night
Still I didn't know the colour of death
What is the colour of Death?
Black or White, Red or Yellow

കഥ

## കള്ളക്കുറുക്കൻ നല്ലവനായി

കൃഷ്ണപ്രിയ.വി.  6 എ

ഒരു കാട്ടിൽ അത്യാഗ്രഹിയായ ഒരു കുറുക്കൻ താമസിച്ചിരുന്നു. പാവപ്പെട്ടവരെ പറ്റിക്കുകയും കള്ളത്തരം കാണിച്ചും അവൻ ആ കാട്ടിൽ ജീവിച്ചു. ഒരു ദിവസം ആ കുറുക്കൻ കാട്ടിനുള്ളിലേയ്ക്ക് പുറപ്പെട്ടു. ഇന്ന് ആരെയാണ് പറ്റിക്കുവാൻ സാധിക്കുക അവൻ ചിന്തിച്ചു. നടന്ന് നടന്ന് അവൻ കാടിന്റെ നടുവിലെത്തി. ആരെയും കാണുന്നില്ല. കുറച്ച് ദൂരം കൂടി അവൻ നടന്നു. അവസാനം കുറുക്കൻ ഒരാളെ കണ്ടെത്തി. അവന് സന്തോഷമായി. അവൻ ചോദിച്ചു നിങ്ങൾ എന്തിനാണ് ഈ കാട്ടിലെത്തിയത്. അയാൾ പറഞ്ഞു ഞാനൊരു മരം വെട്ടുകാരനാണ്. രാവിലെ മുതൽ ഞാനിവിടെ ജോലിചെയ്യുകയാണ്. ഒന്നും കഴിച്ചിട്ടില്ല. കുറച്ച് വെള്ളം കിട്ടുമോ അയാൾ കുറുക്കനോട് ചോദിച്ചു.കുറുക്കന് സന്തോഷമായി. കുറുക്കൻ ആയാളെ കൂട്ടിക്കൊണ്ടുപോയി. കുറെ ദൂരം നടന്നപ്പോൾ അവർ ഒരു കുഴി കണ്ടു. നോക്കൂ ഈ കുഴിയിൽ ഒരുപാട് വെള്ളമുണ്ട് കുറുക്കൻ പറഞ്ഞു.മരംവെട്ടുകാരൻ ഒന്നും ചിന്തിക്കാതെ കുഴിയിലേയ്ക്ക് ചാടി. മരം വെട്ടുകാരന് തനിക്ക് പറ്റിയ അബദ്ധം മനസ്സിലായി. കുറുക്കൻ മരംവെട്ടുകാരനെ കളിയാക്കി. കുറുക്കൻ തന്നെപറ്റിക്കുകയാണെന്ന് മനസ്സിലായക്കിയ മരം വെട്ടുകാരൻ പറഞ്ഞു. നീ പറഞ്ഞത് ഇവിടെ വെള്ളമാണന്നല്ലേ. എന്നാൽ ഇത് വെള്ളമല്ല, തേനാണ്.  കുറുക്കന് അതിശയമായി. അവൻ ചോദിച്ചു തേനോ ... അതെ തേൻതന്നെ മരംവെട്ടുകാരൻ വിളിച്ച് പറഞ്ഞു. കൊതി മൂത്ത് കുറുക്കൻ കുഴിയിലേയ്ക്ക് എടുത്ത് ചാടി. ഈ സമയം മരം വെട്ടുകാരൻ കുഴിയിൽ നിന്ന് രക്ഷപ്പെട്ടു. താനും പറ്റിക്കപ്പെട്ടു എന്ന് കുറുക്കന് മനസ്സിലായി. അവൻ മരംവെട്ടുകാരനോട് പറഞ്ഞു എന്നോട് ക്ഷമിക്കൂ. എന്റെ തെറ്റ് എനിക്ക് മനസ്സിലായി. ഇനി മുതൽ ഞാൻ ആരേയും പറ്റിക്കുകയില്ല. മരംവെട്ടുകാരൻ പറഞ്ഞു നിന്റ വാക്ക് വിശ്വസിച്ച് നിന്നെ ഞാൻ രക്ഷിക്കാം. നിന്റെ വാക്ക് നീ പാലിക്കണം. മരംവെട്ടുകാരൻ കുറുക്കനെ രക്ഷിച്ചു. വാക്ക് പാലിച്ച് കുറുക്കൻ നല്ലവനായി ജീവിച്ചു.

കഥ

പ്രളയം

ജോഷ്മി.ജെ. 7 ഡി.

അന്ന് അപ്പുവും അമ്മവും അതിരാവിലെ ഉണർന്നു. കാരണം ഇന്ന് സ്ക്കൂളിൽ പ്രവേശനമാണ്. അവർ അച്ഛന്റേയും അമ്മയുടേയും അടുത്തേയ്ക്ക് ചെയ്യുന്നു. അവർ വിഷമിച്ചിരിക്കുകയാണ്. ഇന്ന് നിങ്ങൾ സ്ക്കൂളിൽ പോകേണ്ട. റ്റിവിയിലെ വാർത്ത കണ്ടില്ലേ പ്രളയം തുടങ്ങിയിരിക്കുന്നു. അവർ ഞെട്ടിപ്പോയി. ഓടിപ്പോയി വാതിൽ തുറന്ന് നോക്കി . വീടിന്റെ പടിവാതിൽ വരെ വെള്ളം കയിറിയിരിക്കുന്നു. ഓരോ മിനിറ്റിലും വെള്ളം പൊങ്ങിവന്നുകൊണ്ടിരിക്കുന്നു. സ്ഥലങ്ങളെല്ലാം വെള്ളത്തിൽ മുങ്ങിക്കൊണ്ടിരിക്കുകയാണ്. വീടുകൾ മുങ്ങത്തുടങ്ങി. അവർ എല്ലാവരും വീട്ടിൽ നിന്നറങ്ങി. റോഡിലേയ്ക്ക് ചെന്നു. എല്ലാവരും റോഡിലുണ്ട്. റോഡ് ഇപ്പോൾ മുങ്ങും എന്ന സ്ഥിതിയായി. അപ്പുവും അമ്മവും കരയാൻ തുടങ്ങി. ഓരോരുത്തരും വെള്ളം നീന്തി അടുത്ത ഗ്രാമത്തിലെത്തി. അവിടെ വെള്ളം കുറവാണ്. അവർ എല്ലാവരും അവിടുത്തെ സ്ക്കൂളിൽ താമസിച്ചു. മാറി ഉടുക്കാൻ വസ്ത്രം ഒന്നുപോലുമില്ല. അവർക്ക് ആവശ്യമായ സാധനങ്ങളെല്ലാം നാട്ടുകാർ വാങ്ങി നൽകി. തങ്ങളുടെയെല്ലാം പ്രളയം കൊണ്ടുപോയി കഴിഞ്ഞു. ഇനി എല്ലാവരും ഒന്നീന്നു തുടങ്ങണം. പ്രളയാനന്തം അവർ വീടുകളിലേയ്ക്ക് മടങ്ങപ്പോയി.

ഡിജിറ്റൽ പെയിന്റിംഗ്

ശ്യാംജിത്ത്.എസ്  9 ഡി



